ങ്ങളിൽ ഒന്നാണ് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. ഈ സ്ഥാപനത്തിലും കുന്നമംഗലം ജല വിഭവ വികസന കേന്ദ്രത്തിലും പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. ഈ കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഗവേഷണ വികസന സ്ഥാപനങ്ങളിലെ ജീവനക്കാർ, സർക്കാർ ജീവനക്കാർ അല്ല. തൊഴിൽ ഉടമകളുടെ വിഹിതം നൽകിക്കൊണ്ടാണ് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് പദ്ധതി ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. പൂർണ്ണമായും സർക്കാർ സാമ്പത്തിക സഹായത്തിനായി നിലനിൽക്കുന്ന ഇത്തരം സ്വയംഭരണ സ്ഥാപനങ്ങളിൽ പെൻഷൻ നടപ്പിലാക്കുന്നതിൽ ഗവൺമെന്റിന് വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാകും. അതിനാൽ പെൻഷൻ സ്കീം നടപ്പിൽ വരുത്തുന്നതിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല.

(6) പിറവം ബസൈലിയസ് പൗലോസ് കത്തോലിക്കാസ് ദ്വിതീയൽ കോളേജ് വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവം

ശ്രീ. ടി.എം. ജേക്കബ് : പിറവം ബി.പി.സി. കോളേജിലെ വിദ്യാർത്ഥികളെ കഴിഞ്ഞ ദിവസം പ്രൈവറ്റ് ബസ് തൊഴിലാളികൾ, സി.ഐ.ടി.യു, വിഭാഗത്തിൽപ്പെടുന്ന ആളുകൾ അകാരണമായി മർദ്ദിച്ചതിന്റെ പേരിൽ അവിടെ ഇപ്പോഴും സംഘർഷം നിലനിൽക്കുകയാണ്. ഈ മർദ്ദനത്തിൽ അവിടത്തെ യൂണിയൻ ചെയർമാൻ ഗ്ലെൻ തുടങ്ങിയ നിരവധി കുട്ടികൾക്ക് പരിക്കു പറ്റിയിട്ടുണ്ട്. ഈ സംഭവത്തിന്റെ തുടക്കമെന്നു പറയുന്നത് 29-ാം തീയതി എറണാകുളം കൂത്താട്ടുകുളം റൂട്ടിൽ ഓടുന്ന ഒരു ബസ് കോളേജിന്റെ മുൻപിൽ നിർത്താതെ ഓടിച്ചുപോയി. കുറെ ദൂരം പോയിട്ട് അവിടെ നിർത്തി കുട്ടികളെ ഇറക്കി വിട്ടു. ഈ ബസ് തിരികെ വന്ന അവസരത്തിൽ കുട്ടികൾ ബസ്സിനെ തടഞ്ഞു. സ്വാഭാവികമായിട്ട് ഉണ്ടാകാവുന്ന ഒരു പ്രശ്നം മാത്രമാണ്. തുടർന്ന് വണ്ടികൾ അവിടെ നിർത്താമെന്ന് പറഞ്ഞ് അവർ തന്നെ ഉറപ്പു നൽകി വണ്ടി മടങ്ങിപ്പോവുകയും ചെയ്തു. എന്നാൽ അതിന്റെ അടുത്ത ദിവസം 1-ാം തീയതി രാവിലെ കോളേജിന്റെ മുന്നിൽ കൂടി പോകുന്ന വണ്ടികളും ബസ്സുകളും ഓടാൻ പാടില്ല എന്നുള്ള ഒരു സമീപനം സി.ഐ.ടി.യു തൊഴിലാളികൾ സ്വീകരിച്ചു. അതുകഴിഞ്ഞ് ഈ ബസ്സിൽ വന്ന കോളേജിലെ കുട്ടികളെയും പാരലൽ കോളേജ് കുട്ടികളെയും ബലമായി പിടിച്ച് പുറത്തിറക്കി. പിന്നെ പിറവം ടൗണിൽ ബസ് ഓടാതെയായി. ഈ സമയത്താണ് കോളേജ് ബസ്സിലെ കുട്ടികളെ കൊണ്ടു പോകാൻ ബസ് കോളേജിലേക്ക് വരുന്നത്. കോളേജിന്റെ മുൻപിൽ ബസ് കണ്ടയുടനെ തൊഴിലാളികളെല്ലാം ഇറങ്ങിവന്ന് ബസ് തടഞ്ഞു നിർത്തി കുട്ടികളെയെല്ലാം ബലമായിട്ട് പിടിച്ചിറക്കി. പെൺകുട്ടികളെയും പിടിച്ചിറക്കി. പെൺകുട്ടിൾ കരഞ്ഞു. ടൗണിൽ വച്ചാണ് സംഭവം നടന്നത്. അപ്പോൾ നാട്ടുകാർ ചുറ്റും കൂടി. ഇത് അറിഞ്ഞുകൊണ്ട് പോലീസ് അവിടെയെത്തി കുട്ടികളെ ഓടിക്കുകയാണ് ചെയ്തത്. കുട്ടികളുടെ നേരെ പോലീസ് ലാത്തിചാർജ് നടത്തി. അതിനെ തുടർന്ന് പ്രശ്നമായി. നാട്ടുകാർ ഇടപെട്ടു. കുട്ടികളും വിദ്യാർത്ഥി നേതാക്കളും പോലീസ് തമ്മിൽ ഒരു ചർച്ച അവിടെ നടന്നു. ഈ ചർച്ച നടക്കുന്നയവസരത്തിലാണ് ബസ് തൊഴിലാളി യൂണിയന്റെ നേതാവ് കെ.പി. സലിം, കോപ്രസ് വീട്ടിൽ വിനോദ്, പട്ടശ്ശേരിയിൽ രാജു. കെ.എം.ബി. വണ്ടിയിലെ ഡ്രൈവർ സുരേഷ്, ശ്രീ നിലയം വീട്ടിൽ ശശി, പിറവം പേപ്പർമാർട്ട് നടത്തുന്ന ഒരു ബാബു, ബേബിയുടെ മകൻ ബിജു തുടങ്ങിയവർ ഈ കുട്ടികളെ വീണ്ടും പോലീസിന്റെ സാന്നിദ്ധ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ അകാരണമായി മർദ്ദിച്ചു. പോലീസിന്റെ ഈ അനാസ്ഥ ഉണ്ടായിക്കഴിഞ്ഞയുടനെ തന്നെ കുട്ടികൾ അവിടെ കുത്തിയിരുന്നു. സംഘർഷം ഉണ്ടായി എന്നതിന് തെളിവ് ഡി.വൈ.എ.സ്.പി. അടുത്ത മൂന്ന് സർക്കിൾ ഇൻസ്പെക്ടർമാരെയും വിളിച്ചു വരുത്തി. അപ്പോൾ കോളേജ് മാനേജർ ഗ്രിഗോറിയസ് തിരുമേനിയും അവിടത്തെ പ്രിൻസിപ്പാളും കൂടി മുഖ്യമന്ത്രിയെ കണ്ട് ഒരു നിവേദനം നടത്താൻ പോയിരുന്നു. എന്റെ സെൽ ഫോണിലാണ് അവിടെ പ്രശ്നമെന്നു പറഞ്ഞ് ആദ്യം മെസേജ് വന്നത്. ഞാൻ തന്നെ ആർ.ഡി.ഒ.യെ വിളിച്ച് സംഭവസ്ഥലത്ത് പോയി പ്രശ്നങ്ങൾ തീർക്കാമെന്ന് പറഞ്ഞു. അതിന് ശേഷമാണ് ആർ.ഡി.ഒ. അവിടെ എത്തിയത്. ആ കോളേജ് കേരളത്തിലെ ഏറ്റവും നല്ല ഒരു കോളേജാണ്. എല്ലാ വർഷവും അവിടെ റാങ്ക് കിട്ടുന്നുണ്ട്.ആ കോളേജിൽ സമരമേയില്ല. അവിടത്തെ കുട്ടികൾ സമരം ചെയ്യാറില്ല. ആ കോളേജിലെ കുട്ടികളെ അകാരണമായി പോലീസ് മർദ്ദിച്ചതിൽ ആർ.ഡി.ഒ.യുടെ സാന്നിദ്ധ്യത്തിൽ ഒത്തുതീർപ്പായി. ഈ കുട്ടികളെ മർദ്ദിച്ച വർക്കെതിരെ നടപടിയെടുക്കാം. അതുപോലെ തന്നെ പോലീസിന്റെ സംരക്ഷണം കൊടുക്കാം. യാത്രാപ്രശ്നം പരിഹരിക്കാമെന്നു പറഞ്ഞു. മുഖ്യമന്ത്രി മനസ്സിലാക്കാനുള്ളത് ഇത്രയും പ്രശ്നം ഉണ്ടായിട്ട് കുട്ടികൾ പ്രതികളായിരിക്കുകയാണ്. ഈ കുട്ടികളെ തല്ലിയ സി.ഐ.ടി.യു കാരോ ഈ തല്ലിന് നേതൃത്വം കൊടുത്ത ആളുകളോ പ്രതികളല്ല. ഇപ്പോൾ കോളേജിൽ പഠിക്കുന്നു കുട്ടികളെല്ലാം കേസ്സിൽ പ്രതി. തല്ലു കൊടുത്ത ആളുകൾ പ്രതികളുമല്ല. ഇത് ഒരു അനീതിയല്ലേ? ഇങ്ങനെയുള്ള പ്രശ്നത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാരെ നിയമിച്ച് അന്വേഷണം നടത്തി കുറ്റക്കാരുടെ മേൽ മാതൃകാപരമായ നടപടി സ്വീകരിക്കണം. ആ കോളേജ് തുടർന്നുകൊണ്ടുപോകാനുള്ള അവസരം സൃഷ്ടിക്കുകയും വേണം. രാവിലെ 8 മണി മുതൽ വൈകുന്നേരം 4 മണി വരെ പിറവം ടൗണിൽ സംഘർഷാവസ്ഥയായിരുന്നു. അത്ര ഗുരുതരമായ പ്രശ്നം അവിടെ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയത്തിന്റെ ഗൗരവം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണക്കിലെടുത്ത് നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 29.2.2000 വൈകുന്നേരം പിറവം ബസേലിയസ് പൗലോസ് ദ്വിതീയൻ കത്തോലിക് കോളേജിലെ കുട്ടികളെ മുഴുവൻ ബസ്സിൽ കയറ്റിയില്ല എന്ന കാരണം പറഞ്ഞ് വിദ്യാർത്ഥികൾ കെ.എം.പി. എന്ന പ്രൈവറ്റ് ബസ്സിനെ കോളേജു പടിക്കൽ തടഞ്ഞിട്ടു. ഇതിൽ പ്രതിഷേധിച്ച് ബസ് ഓട്ടം നിർത്തി. പോലീസ് പ്രശ്നം താൽക്കാലികമായി പരിഹരിച്ചു. എന്നാൽ 1.3.2000-ന് വിദ്യാർത്ഥികളും സ്വകാര്യ ബസ്സ് തൊഴിലാളികളും തമ്മിൽ തർക്കം തുടരുകയും ബസ്സുകൾ തടയുകയും ഓട്ടം നിർത്തുകയും ചെയ്തു. മൂവാറ്റുപുഴ ആർ.ഡി.ഒ, ഡി.വൈ.എസ്.പി. പിറവം പഞ്ചായത്ത് പ്രസിഡന്റ്, വിദ്യാർത്ഥി നേതാക്കൾ ബസ് ജീവനക്കാരുടെ പ്രതിനിധികൾ എന്നിവർ തമ്മിൽ നടന്ന ചർച്ചയിൽ പ്രശ്നം അന്ന് വൈകുന്നേരം 3.15-ന് ഒത്തു തീർപ്പായി. വിദ്യാർത്ഥികളെ പരിക്കേൽപ്പിച്ചതായി കാണിച്ച് വിദ്യാർത്ഥികളിൽ നിന്നും രണ്ട് പരാതികളും ബസ്സിന് കേടു പാടുകൾ വരുത്തുകയും ബസ് ജീവനക്കാരെ മർദ്ദിച്ചുവെന്നും കാണിച്ച് ബസ് തൊഴിലാളികളിൽ നിന്നും ഒരു പരാതിയും ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly